പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5372

05-07-2012 - ൽ മറുപടിക്ക്

## സംസ്ഥാന സർവ്വീസിലെ ജീവനക്കാർക്ക് ഐ.റ്റി. പരിശീലനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഹംസ : | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർവ്വീസിലെ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുന്നതിനായി സംസ്ഥാന ഐ.റ്റി. വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | കേരളത്തിലെ ഇ-ഗവേർണൻസ് പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളിൽ പ്രോജക്ട് ഇ-ഗവേർണൻസ് ടീം രൂപീകരിക്കുന്നതിനായി വ്യത്യസ്ത വകുപ്പുകളിൽ നിന്നുമുള്ള 15 ജീവനക്കാർക്ക് വീതം IIITMK നടത്തുന്ന വിവരസാങ്കേതികവിദ്യയിലുള്ള ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സിലൂടെ പരിശീലനം നൽകി വരുന്നുണ്ട്. വിവരസാങ്കേതികവിദ്യ നിർവ്വഹണം, ഭരണ വൈദഗ്ധ്യം എന്നിവയിൽ ഉന്നത നിലവാരമുള്ള പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പരിശീലനം നൽകി വരുന്നത്. കൂടാതെ നാഷണൽ ഇ-ഗവേർണൻസ് പദ്ധതിയുടെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥർക്ക് ഇ-ഗവേർണൻസിനെക്കുറിച്ച് അവബോധം നൽകുന്നതിനും ആ മേഖലയിൽ കഴിവ് വർദ്ധിപ്പിക്കുന്നതിനും സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ് ഇ-ഗവേർണൻസ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു.<br><br>സർക്കാർ ഓഫീസിലെ ഫയലുകൾ സംബന്ധിച്ച വിവരം ഓൺലൈനായി ലഭ്യമാക്കുന്ന ഐഡീയാസ് സംവിധാനം, സർക്കാർ ഓഫീസുകളിൽ ഡിജിറ്റലൈസ്ഡ് ഫയൽ സംവിധാനം ഒരുക്കുന്ന ഡി.ഡി.എഫ്.എസ്. സംവിധാനം എന്നിവയിൽ വിവിധ വകുപ്പുകളിലെ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നു. |
| (ബി) ഭരണ നിർവ്വഹണത്തിൽ വേഗതയും സുതാര്യതയും കൈവരിക്കുന്നതിലേക്കായി എന്തെല്ലാം പ്രോജക്ടുകൾ ആണ് സംസ്ഥാന ഐ.റ്റി. വകുപ്പ് നടപ്പിലാക്കി വരുന്നത് ; അതിനായി എന്ത് തുകയാണ് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; പ്രസ്തുത തുക പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | (ബി) | ഭരണ നിർവ്വഹണത്തിൽ വേഗതയും സുതാര്യതയും കൈവരിക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. റവന്യൂ വകുപ്പിലെ 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി, സർക്കാർ വകുപ്പുകളിൽ സുതാര്യവും കാര്യക്ഷമവുമായ ടെണ്ടർ നടപടികൾ ഓൺലൈനായി സാദ്ധ്യമാക്കുന്ന ഇ-പ്രോക്യൂർമെന്റ് പദ്ധതി, സർക്കാർ ഫയലുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സഹായകമായ ഐഡീയാസ്/ ഡി.ഡി.എഫ്.എസ്. പദ്ധതികൾ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഇലക്ട്രോണിക്/ഇ-സേവനങ്ങളായി ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br><br>ഫ്രണ്ട്സ്/അക്ഷയ മുഖേന വിവിധ ഐ.ടി. അധിഷ്ഠിത സേവനങ്ങൾ നൽകി വരുന്നു. ഭരണ |

നിർവ്വഹണത്തിന്റെ വേഗതയും സുതാര്യതയും കൈവരിക്കുവാൻ സഹായകമായ കൂടുതൽ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. വിവിധ പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക ചുവടെ ചേർക്കും പ്രകാരമാണ്.

| ഘടകത്തിന്റെ പേര് | നീക്കിവെച്ച വിഹിതം |
|---|---|
| ഇ-ഡിസ്ട്രിക്റ്റ് | 450 ലക്ഷം |
| ഐഡീയാസ് & ഡി.ഡി.എഫ്.എസ്. | 264 ലക്ഷം |
| സ്റ്റേറ്റ് പോർട്ടൽ സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ (SSDG) | 729 ലക്ഷം |
| വീഡിയോ കോൺഫറൻസിംഗ് | 450 ലക്ഷം |
| ഇ-മെയിൽ സെർവർ | 50 ലക്ഷം |

പ്രസ്തുത തുക പര്യാപ്തമാണ്.

**സെക്ഷൻ ആഫീസർ**